## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1582 — 21.1.2014-ൽ മറുപടിക്ക്

### നഗര മാലിന്യസംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ മാലിന്യ സംസ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കുമോ ; | എ) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നവീനപ്ലാന്റുകൾ തിരുവനന്തപുരത്തും കൊച്ചിയിലും മാതൃകാപദ്ധതികളായി സ്ഥാപിക്കുക, ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ റോഡ് ടാറിംഗിനും, റീസൈക്ലിംഗിനും ഉപയോഗപ്പെടുത്തുക എന്നീ പദ്ധതികളാണ് പരിഗണനയിലുള്ളത്. |
| ബി) തലസ്ഥാനത്ത് എവിടെയെല്ലാമാണ് മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെനിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങൾ ഏത് അവസ്ഥയിലാണ് എന്ന് വിശദമാക്കുമോ ; | ബി) തലസ്ഥാനത്ത് ചാലയിൽ ആധുനിക ഖരമാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി കൈകൊള്ളുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇല്ലെങ്കിൽ എന്താണ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസ്സമെന്ന് വ്യക്തമാക്കുമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ